# വങ്കാരി മതായി എന്ന ആഫ്രിക്കൻ വിജയഗാഥ

സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

1909 മുതൽ ലോക വനിതാ ദിനം വ്യത്യസ്ഥ ദിവസങ്ങളിലായി പലരാജ്യങ്ങളും ആചരിച്ചു പോന്നിരുന്നു. മിക്ക രാജ്യങ്ങളിലും പിൽക്കാലങ്ങളിൽ പല ദിവസങ്ങളിലായി പലതരത്തിൽ വനിതാ ദിനാചരണം അരങ്ങേറിപ്പോന്നു. 1911ലെ മാർച്ച് 17–ാം തീയതി ആസ്ട്രിയ, ഡെൻമാർക്ക്, ജർമനി, സ്വിറ്റ്സർലണ്ട് തുടങ്ങി രാജ്യങ്ങളിൽ ഏതാണ്ട് 300ൽ പരം വനിതാ ജാഥകൾ നടന്നപ്പോഴാണ് ഇക്കാര്യത്തിൽ മാർച്ച് മാസത്തിന് ഒരിടം ഉണ്ടായത്. 1914ൽ ഞായറാഴ്ച ദിവസമായ മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാദിന പരിപാടികൾ വിവിധ രാജ്യങ്ങളിൽ അരങ്ങേറി. ഇപ്പോഴും വനിതാദിനം മാർച്ച് 8ന് തുടരുന്നു.

പിൽക്കാലത്ത് 1975 ലോക വനിതാ വർഷമായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചപ്പോൾ പ്രതികരണത്തിന്റെ ആദ്യ അലയൊലികൾ ഉണ്ടായത് ഉത്തര യൂറോപ്പ്യൻ രാജ്യങ്ങളിലൊന്നായ ഐസ്‌ലണ്ടിലാണ്. ഇന്ന് വെറും 332,529 മാത്രം ജനസംഖ്യയുള്ള ഐസ്‌ലണ്ടിൽ നാല് ദശാബ്ദം മുൻപ് രണ്ടര ലക്ഷം പേർ തികച്ച് വസിച്ചിരുന്നില്ല. എന്നിട്ടും അന്ന് അവിടെ സ്ത്രീകൾ അനുഭവിച്ച ദുരിതത്തിന് കണിക്കില്ലായിരുന്നു.

1975 വനിതാ വർഷമായി പ്രഖ്യാപനം വന്നതോടെ ഐസ്‌ലണ്ടിലെ അഞ്ച് കരുത്തുറ്റ വനിതാ സംഘടനകൾ തങ്ങൾ അനുഭവിച്ചു വരുന്ന അന്യായങ്ങൾക്കെതിരെ പ്രക്ഷോഭവുമായി മുന്നോട്ടു വന്നു. അവസരങ്ങളിലെ അസമത്വം, കൂലി അനുവദിക്കുന്നതിൽ സ്ത്രീകളോട് കാട്ടുന്ന പക്ഷഭേദം എന്നിവയിലേക്കു ശ്രദ്ധതിരിക്കാൻ അവർ പലവിധ സമരപരിപാടികൾ തുടർന്നു. അങ്ങനെ സമരം പുരോഗമിക്കവേ 1975 ഒക്ടോബർ 24ന് തൊഴിൽസ്ഥലത്തു നിന്ന് വിട്ടുനിൽക്കൽ സമരത്തിന് ഐസ്‌ലണ്ടിലെ മുഴുവൻ സ്ത്രീ തൊഴിലാളികളും തീരുമാനിച്ചു.

ഏതാണ്ട് ഇരുപത്തി അയ്യായിരം സ്ത്രികൾ സമരമുഖത്തേക്ക് ഒഴുകിയെത്തിയതോടെ വീട്ടിലെ കുട്ടികളെ നോക്കുന്നതും ആഹാരം ഉണ്ടാക്കുന്നതുമെല്ലാം പുരുഷൻമാരുടെ ചുമലിലായി. അന്നേദിവസം ആണുങ്ങൾ കുട്ടികളെ തങ്ങളുടെ ജോലിസ്ഥലത്തേക്ക് കൊണ്ടു പോയി. ഇതോടെ ജോലിസ്ഥലങ്ങളിലെല്ലാം ശിശുപരിപാലന സൗകര്യങ്ങൾ ഒരുക്കുവാൻ തൊഴിൽ സ്ഥാപനങ്ങൾ നിർബന്ധിതമായി. ഭക്ഷണ സാധനങ്ങളെല്ലാം കടകളിൽ പെട്ടെന്നു വിറ്റഴിഞ്ഞു.

സ്ത്രീകൾ വിട്ടു നിന്നതോടെ വിമാനങ്ങൾ യാത്രകൾ റദ്ദാക്കി. പത്രങ്ങൾ പലതും അച്ചടിച്ചില്ല, കാരണം അച്ചു നിരത്തൽ സ്ത്രീകളുടെ ജോലിയായിരുന്നു. മൽസ്യ സംസ്കരണ കേന്ദ്രങ്ങളും പൂട്ടിയിട്ടു, കാരണം അവിടെ തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളായിരുന്നു.

എന്തായാലും സമരാനന്തരം ഐസ്‌ലണ്ടിൽ സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി ഒരു പിടി സുപ്രധാന നിയമനിർമ്മാണങ്ങൾ നടന്നു. അന്ന് തുടക്കം കുറിച്ച സാമൂഹ്യപരിഷ്കരണങ്ങളുടെ തിളക്കമാർന്ന ഫലപ്രാപ്തകളിൽ ഒന്ന് 1980 ആഗസ്റ്റ് 1ന് സംഭവിച്ചു: വിഗ്ഡിസ് ഫിൻബോഗഡോറ്റിർ എന്ന അൻപതു വയസ്സു

കാരി ഐസ്‌ലണ്ടിന്റെ ആദ്യ വനിതാ പ്രസിഡന്റായി തെരഞ്ഞെടുപ്പിലൂടെ അധികരാത്തിലെത്തി. യൂറോപ്പിൽ മാത്രമല്ല, ലോകത്തിൽ തന്നെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ വനിതാ പ്രസിഡന്റാണ് വിഗ്ഡസ്.

ഐസ്‌ലണ്ടിന്റെ കഥ ഒരു വികസിതയൂറോപ്യൻ രാജ്യത്തിന്റേതാണെങ്കിൽ സ്ത്രീശാക്തീകരണത്തിൽ അനന്യമായൊരു ആഫ്രിക്കൻ കഥകൂടിയുണ്ട്. കെനിയ ലോകത്തിനു സമ്മാനിച്ച വനിതാരത്നം പ്രൊഫ. വങ്കാരി മതായി തന്നെയാണ് ആ വിജയഗാഥ.

കെനിയയിലെ നിയേരി പ്രവിശ്യയിൽ കുകിയു വംശജയായി 1940 ഏപ്രിൽ 1ന് ജനിച്ച വങ്കാരി മുത ജനിച്ചു. എംവാങ്കി മതായിയെ വിവാഹം ചെയ്തശേഷമാണ് പേര് വങ്കാരി മതായി എന്നാക്കിയത്. മിടുക്കരായ ആഫ്രിക്കൻ വിദ്യാർത്ഥികൾക്ക് അമേരിക്കയിൽ ഉന്നത വിദ്യാഭ്യാസം നൽകാൻ ആവിഷ്കരിച്ച കെന്നഡി എയർലിഫ്റ്റ് പദ്ധതിയാണ് വങ്കാരിക്കും ഉന്നത വിദ്യാഭ്യാസം നൽകിയത്. സ്ഥാനമൊഴിഞ്ഞ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ പിതാവ് ബറാക് ഒബാമ സീനിയറും ഇതുപോലെ അമേരിക്കയിലേക്കു വിദ്യാഭ്യാസത്തിനു പോയ ആഫ്രിക്കക്കാരനാണ്.

മികച്ച വിദേശ ബിരുദങ്ങളുമായി തിരികെ കെനിയയിലേക്കു പറക്കുമ്പോൾ സ്വന്തം മണ്ണിന് തന്റെ സേവനം പ്രയോജനപ്പെടണെന്ന അഭിലാഷമാണ് വങ്കാരി കാത്തുസൂക്ഷിച്ചത്. നെയ്റോബി സർവ്വകലാശാലയിൽ നിന്ന് ജോലിക്കുള്ള ക്ഷണം ലഭിക്കുകയും ചെയ്തിരുന്നു. പക്ഷേ സർവ്വകലാശാലയിലെത്തിയപ്പോൾ തനിക്കു ലഭിക്കേണ്ട ജോലി മറ്റൊരാൾ നേടിയിരിക്കുന്നു. വംശീയ വിരോധവും സ്ത്രീകളോട് മേലാളന്മാർക്കുണ്ടായ അപ്രീതിയുമാണ് തന്റെ ജോലി നഷ്ടമാക്കായതെന്ന് വങ്കാരി മനസ്സിലാക്കി.

പിന്നീട് വിവാഹിതയായി, മൂന്നു കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയും ചെയ്തു. പഠനം തുടർന്നു. അനിമൽ അനാട്ടമിയിൽ ഗവേഷണ ബിരുദം നേടിയപ്പോൾ പി.എച്ച്.ഡി. നേടുന്ന കിഴക്കൻ ആഫ്രിക്കയിൽ നിന്നുള്ള ആദ്യ വനിതയായി. ഇക്കാലത്താണ് പ്രസിഡന്റ് കെന്യാട്ട ബഹുകക്ഷി ജനാധിപത്യം രാജ്യത്ത് നിർത്തലാക്കിയത്.

ഏകാധിപത്യ പ്രവണതകളേയും സ്ത്രീവിരുദ്ധ സമീപനങ്ങളേയും വങ്കാരി അതിശക്തമായി നേരിട്ടു. പിൽക്കാലത്ത് ലഭിച്ച സർവ്വകലാശാല ജോലി ഒരു തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിനു വേണ്ടി രാജിവയ്ക്കേണ്ടി വന്നു. എന്നാൽ അധികാരികൾ മനപ്പൂർവ്വം സ്ഥാനാർത്ഥിത്വം നിരസിച്ചു. വങ്കാരിക്ക് ജോലിയും പോയി, ജോലിസ്ഥലത്തെ താമസസൗകര്യവും നഷ്ടമായി. ഒരു കൊച്ചു കൂരയിൽ തങ്ങിക്കൊണ്ട് ജനാധിപത്യവും സ്ത്രീകളുടെ അവകാശവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനുള്ള പോരാട്ടങ്ങൾക്കായി വങ്കാരി സ്വജീവിതം ഉഴിഞ്ഞുവച്ചു.

നാടൊട്ടുക്ക് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് വങ്കാരി പദ്ധതി തയ്യാറാക്കി. വനിതകൾ തൈകൾ നട്ടു പരിപാലിക്കും, വീട്ടിലെ ആണുങ്ങൾ കണക്കു സൂക്ഷിക്കും. ഓരോ തൈ നടുമ്പോഴും നടുന്ന സ്ത്രീക്ക് ഒരു നിശ്ചിതതുക ലഭിക്കുന്ന പുതിയൊരു സാമൂഹ്യവനവത്ക്കരണ പദ്ധതിക്കാണ് വങ്കാരി രൂപം നൽകിയത്. പിൽക്കാലത്ത് ഗ്രീൻ ബെൽറ്റ് മുന്നേറ്റം എന്നപേരിൽ ലോകപ്രശസ്തി നേടിയ

ഈ സാമൂഹ്യ വനവത്ക്കരണ പദ്ധതി എത്രയോ രാജ്യങ്ങൾക്ക് മാതൃകയായി ക്കഴിഞ്ഞു.

ഭരണകൂട പീഡനങ്ങളെല്ലാം സഹിച്ച് വങ്കാരി നടത്തിയ പ്രക്ഷോഭത്തിന്റെ ഫലമാണ് 2010ൽ കെനിയയിൽ നിലവിൽ വന്ന ബഹുകക്ഷി ജനാധിപത്യം. ആദർശങ്ങൾക്കു വേണ്ടി ധീരതയോടെ പോരാടിയ വങ്കാരിയെ അനുസരണയില്ലാത്ത ഒരു സ്ത്രീയെന്നും ഗ്രീൻ ബെൽറ്റ് പ്രസ്ഥാനത്തെ വിധവകളുടെ കൂട്ടം എന്നും വിശേഷി പ്പിച്ചത് ഏകാധിപതിയായ ഡാനിയേൽ അറാപ് മോയി. പിൽക്കാലത്ത് വിവാഹമോ ചനത്തിനായി ഭർത്താവ് മെനഞ്ഞെടുത്തത് ചാരിത്ര്യത്തെ ചോദ്യം ചെയ്യുന്ന ഒരു കഥ. ഇവയ്ക്കു മുന്നിൽ അചഞ്ചലയായി നിലകൊണ്ട വങ്കാരി കള്ളക്കഥകേട്ട് വിവാ ഹമോചനം അനുവദിച്ച ന്യായാധിപന്റെ കാപട്യവും അറിവില്ലായ്മയും പരസ്യമായി ചോദ്യം ചെയ്തു. കോടതിയലക്ഷ്യത്തിന് ആറുമാസം തടവായിരുന്നു ഫലം.

നെയ്റോബിയിലെ ഉഹുറു ഹരിതോദ്യാനം ഒരു ബഹുനില കോൺക്രീറ്റ് സൗധം നിർമ്മിക്കാൻ വേണ്ടിയും സർക്കാർ ഭൂമി യഥേഷ്ടം പ്രബലന്മാർക്ക് മണിമാ ളിക പണിയുന്നതിനും നൽകുന്നതിന് ഭരണകൂടം പല സമയങ്ങളിലായി നടത്തിയ ശ്രമങ്ങളെല്ലാം വങ്കാരി നയിച്ച സമയോചിതമായ ബഹുജനപ്രക്ഷോഭങ്ങളിൽ തട്ടി ത്തകർന്നു. ഇന്നും ഉഹുറു എന്ന വിശാലമായ ഹരിതോദ്യാനം നെയ്റോബിയിലെ ഹൃദയഹാരിയായ കാഴ്ചയാണ്. കറുറ വനമേഖല ഉൾപ്പെടെ കെനിയയിലെ സകല ഹരിതക്കാഴ്ചകളുടെയും പിന്നിൽ വങ്കാരിയുടെ നേതൃത്വത്തിൽ വനിതകൾ ഏറ്റുവാ ങ്ങിയ ലാത്തിയടിയും അധിക്ഷേപങ്ങളും തടവിലെ പീഡനങ്ങളും വേദനകളും ഉണ്ട്.

2002ൽ പ്രതിപക്ഷ പാർട്ടികളെ വങ്കാരി ഒരുമിപ്പിച്ചു. തുടർന്നു നടന്ന തെരഞ്ഞെടു പ്പിൽ മോയിയുടെ ഭരണകക്ഷി മൂക്കുകുത്തി വീണു. വങ്കാരി മൽസരിച്ച തേതു മണ്ഡലത്തിൽ 98 ശതമാനം വോട്ടു നേടി അവർ വിജയിച്ചു. സ്വജീവിതം ഒരു സഹ നസമരമാക്കിയ വങ്കാരിയെത്തേടിയെത്തിയത് 2004ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം.

ഇല്ലായ്മകളുടെ ആഫ്രിക്കയിലും സുഭിക്ഷതയുടെ യൂറോപ്പിലും സ്ത്രീ ശക്തി അപാരം തന്നെ. സ്രതീയെ ശക്തിയായി വാഴ്ത്തുന്നതാണ് ഭാരതീയ സംസ്കാരം. എങ്കിലും നമ്മുടെ രാജ്യത്ത് ഇപ്പോഴും വാക്കുകളേക്കാൾ കൂടുതൽ പ്രവൃത്തിയിൽ സ്ത്രീശാക്തീകരണം വേണ്ടിയിരിക്കുന്നു.